LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തോപ്പുംപടി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 668/2015-ാം നമ്പരായി രജിസ്റ്റർ ചെയ്ത കേസിന്റെ എഫ്.ഐ.ആർ. കൊച്ചി JFCM-II കോടതിയിലാണ് സമർപ്പിച്ചിരിക്കുന്നത്. ടി കേസ് എറണാകുളം ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിലേക്ക് തുടരന്വേഷണത്തിനായി ട്രാൻസ്ഫർ ചെയ്തിരുന്നതും പ്രസ്തുത സ്റ്റേഷനിൽ ക്രൈം നമ്പർ. 750/2015 ആയി കേസ് റീ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. ടി എഫ്.ഐ.ആർ. എറണാകുളം ACJM(EO) കോടതിയിലാണ് സമർപ്പിച്ചിട്ടുള്ളത്.

(ബി) ടി കേസിലെ പ്രതി കൃഷ്ണദേവ ഗൗർ S/o. ദേവേന്ദ്രപാൽ ഗൗർ എന്നയാളാണ്. ടിയാനെ ഈ കേസിലേക്ക് അറസ്റ്റ് ചെയ്തിട്ടില്ല.

(സി) മുൻകൂർ ജാമ്യം ലഭിച്ചിട്ടില്ല.

റമീസ് എ. പി. എന്ന കുട്ടിയെ അകാരണമായി പോലീസ് മർദ്ദിച്ച സംഭവം

325 (303) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ നല്ലത്ത് ശ്രീ. എ. പി. മുഹമ്മദ് ബഷീറിന്റെ മകൻ റമീസ്. A. P. (16 വയസ്സ്) എന്ന കുട്ടിയെ അകാരണമായി പോലീസ് മർദ്ദിച്ചത് സംബന്ധിച്ച് രക്ഷിതാവിന്റെ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) മർദ്ദനമേറ്റ റമീസ്.A.P. എന്ന കുട്ടി അവശനിലയിൽ കിടപ്പിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുറ്റക്കാരായ പോലീസുകാരെ കണ്ടെത്തി നടപടി സ്വീകരിക്കുമോ;

(ഡി) മർദ്ദനത്തിനിരയായി ചികിത്സയിൽ കഴിയുന്ന റമീസ് എന്ന കുട്ടിക്ക് ചികിത്സാ സഹായം അനുവദിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ചെറുവണ്ണൂർ പോലീസ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണത്തിൽ പോലീസ് ഉദ്യോഗസ്ഥർ ആരെങ്കിലും കുറ്റക്കാരാണെന്ന് കണ്ടെത്തുകയാണെങ്കിൽ അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഇതുസംബന്ധിച്ച് തീരുമാനമൊന്നും ആയിട്ടില്ല.

പരവൂർ ഫയർസ്റ്റേഷന് കെട്ടിടം

326 (304) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പരവൂർ ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിലേക്ക് പരവൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ നിന്നും 30 സെന്റ് ഭൂമി ലഭ്യമാക്കുവാൻ ബഹു. ആഭ്യന്തരമന്ത്രി നിർദ്ദേശിച്ചതിൻപ്രകാരം നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത ഭൂമി കൈമാറ്റം ചെയ്യുന്നതിലേക്ക് തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്താണെന്ന് അറിയിക്കുമോ; കാലതാമസം ഒഴിവാക്കി ഭൂമി എന്നത്തേക്ക് കൈമാറി ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കൊല്ലം ജില്ലയിലെ പരവൂർ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേക്കായി പരവൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ നിന്നും നിശ്ചിത ഭൂമി ഫയർ ആന്റ് റസ്ക്യൂ വകുപ്പിന് കൈമാറുന്നതിലേയ്ക്കായി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പ് മന്ത്രി നിർദ്ദേശിച്ചതിൻപ്രകാരം പരവൂർ പോലീസ് സ്റ്റേഷന്റെ അധീനതയിലുള്ള മുപ്പത് സെന്റ് സ്ഥലം ഫയർ ആന്റ് റസ്ക്യൂ വകുപ്പും പോലീസ് വകുപ്പും ചേർന്ന് 30-11-2015 -ൽ പരിശോധന നടത്തുകയും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലം ഫയൽ സ്റ്റേഷൻ നിർമ്മാണത്തിന് യോജിച്ചതാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തു. സ്ഥലം കൈമാറുന്നതിനായി പോലീസ് വകുപ്പിൽനിന്നും സമ്മതപത്രം അടിയന്തരമായി ലഭിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥലം കൈമാറി ലഭിക്കുന്ന മുറക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly